**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **11-09-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിലെ തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷനു വേണ്ടിയുള്ള ഡി.പി.സി ലിസ്റ്റിലേയ്ക്ക് അർഹരായവരുടെ ഫയലുകൾ പരിശോധിക്കുന്നതും ശരിയായ മുൻഗണനാക്രമം പാലിച്ച് പ്രൊമോഷൻ ഉത്തരവ് ഇറക്കുന്നതും ആരെല്ലാമാണെന്നു അറിയിക്കാമോ ; | (എ) | കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് 1958 ന്റെ പാർട്ട് II ജനറൽ റൂൾസ് റൂൾ 28 പ്രകാരം പി.എസ്.സി. മെമ്പർ ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും സർക്കാർ പ്രതിനിധി (ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ) അംഗവുമായ ഡി.പി.സി. (ലോവർ) ആണ് തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും, ഒഴിവുകൾ നിലവിൽ വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് ലാൻഡ് റവന്യൂ കമ്മീഷണർ ആണ്. |
| (ബി) | 29/05/2023 - ലെ ഡി.പി.സി ലോവർ അഡ്ഹോക്ക് യോഗത്തിൽ യോഗ്യത നേടിയവരിൽ, 31/05/2023-ന് വിരമിക്കുന്ന ചിലർക്കുമാത്രം പ്രൊമോഷൻ അനുവദിച്ച് 30/05/2023-ൽ ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ ; | (ബി) | ശ്രീ.റ്റി.പി.ജോർജ്ജ് മുതൽ പേർ ഫയൽ ചെയ്ത ഒഎ(ഇകെഎം)281/2023 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 23/03/2023 ലെ ഉത്തരവ് പ്രകാരം, 2022 പ്രാബല്യത്തിൽ പ്രസ്തുത പരാതികക്ഷികളെ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള ടിയാന്മാരുടെ അപേക്ഷ പരിഗണിക്കുന്നതിനായി ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേരുന്നതിനും പ്രസ്തുത ഉത്തരവ് കിട്ടി ഒരു മാസത്തിനകം ടി യോഗം ചേരുന്നതിനും നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29/05/2023 ൽ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേരുകയും പ്രസ്തുത ജീവനക്കാരെ 2022 ലെ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസിലെ പരാതികക്ഷികളായ ശ്രീ.റ്റി.പി.ജോർജ്ജ്, ശ്രീമതി.നന്ദിനി.സി, ശ്രീ.ഡായി മാത്യു, ശ്രീ.റാഷിമോൻ.സി.എ. എന്നിവർ 21/02/2022 ന് യോഗ്യത നേടിയതിനാൽ ഈ തീയതിക്കു ശേഷം |

| | | | |
|---|---|---|---|
| | | | കൂടുന്ന അഡ്ഹോക്ക് ഡി.പി.സി. പ്രകാരം യോഗ്യതാ തീയതിക്കു ശേഷമുള്ള വേക്കൻസികളിലേക്ക് സിനിയോരിറ്റിക്കനുസൃതമായി ഉൾപ്പെടുത്താവുന്ന തരത്തിൽ ഇവരുടെ സ്ഥാനക്കയറ്റത്തിനുള്ള ക്ലെയിം നിലനിൽക്കുമെന്നും ടി ജീവനക്കാർക്ക് 2022 ലെ സെലക്ട് ലിസ്റ്റിൽ സ്ഥാനത്തിനുള്ള അർഹതയുള്ളതായും പ്രസ്തുത യോഗം കണ്ടെത്തുകയും 31/05/2023 ൽ വിരമിക്കുന്നത് പരിഗണിച്ച് 2 ജീവനക്കാർക്ക് തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി 30/05/2023 ൽ ഉത്തരവ് നൽകുകയുമാണ് ചെയ്തത്. |
| (സി) | 30/05/2023- ലെ LR/2236/2023/LR(E2)നമ്പർ ഉത്തരവു പ്രകാരം പ്രൊമോഷൻ ലഭിച്ചവരുടെ ഡി.പി.സി സെലക്ട് ലിസ്റ്റിലെ ക്രമ നമ്പരുകൾ അറിയിക്കാമോ ; | (സി) | 12/06/2023 ൽ ചേർന്ന ഡി.പി.സി. (ലോവർ) യോഗം 2022 ലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്ത് തയ്യാറാക്കിയത് പ്രകാരം ശ്രീ.റ്റി.പി.ജോർജ്ജിന്റെ സെലക്ട് ലിസ്റ്റിലെ ക്രമ നം. 8 ഉം ശ്രീ.റാഷിമോൻ സി.എ. യുടേത് 50 ഉം ആണ്. |
| (ഡി) | റവന്യൂ വകുപ്പിൽ നിന്നും 31/05/2023- ൽ വിരമിച്ച എത്ര പേർ 29/05/2023- ലെ ഡി.പി.സി ലോവർ അഡ് ഹോക്ക് 2022 സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു എന്നു പറയാമോ; ഇവർക്കെല്ലാം പ്രൊമോഷൻ നൽകിയിരുന്നോ ; | (ഡി) | ഒഎ(ഇകെഎം) 281/2023 നമ്പർ കേസിലെ പരാതികക്ഷികളായ ശ്രീ.റ്റി.പി.ജോർജ്ജ്, ശ്രീമതി.നന്ദിനി.സി, ശ്രീ.ഡായി മാത്യൂ, ശ്രീ.റാഷിമോൻ.സി.എ. എന്നിവരുടെ യോഗ്യത പരിഗണിക്കുന്നതിനാണ് 29/05/2023 ൽ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേർന്നത്. ടി ജീവനക്കാരിൽ ശ്രീ.റ്റി.പി.ജോർജ്ജ്, ശ്രീ.റാഷിമോൻ.സി.എ. എന്നിവരാണ് 31/05/2023 -ൽ വിരമിച്ചത്. ടി 2 ജീവനക്കാർക്കും സ്ഥാനക്കയറ്റം 30/05/2023 ൽ നൽകിയിരുന്നു. |
| (ഇ) | സെലക്ട് ലിസ്റ്റിലെ 50-ാമത്തെ ക്രമനമ്പർകാരന് പ്രൊമോഷൻ നൽകിയിട്ടും അതിനു മുമ്പുള്ളവരും 31/05/2023- ൽ വിരമിക്കുന്നവരുമായ പലരെയും പ്രൊമോഷൻ നൽകാതെ ഒഴിവാക്കിയത് എന്തു കാരണത്താലാണെന്നു വ്യക്തമാക്കാമോ ; ഇപ്രകാരം ഒഴിവാക്കുന്നതിന് ഉത്തരവുകളോ നിർദ്ദേശങ്ങളോ നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഇ) | പി.എസ്.സി. 29/05/2023 ൽ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേർന്നിരുന്നുവെങ്കിലും സെലക്ട് ലിസ്റ്റുകൾ റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒ.പി.(കെ.എ.റ്റി)378/2021 നമ്പർ കേസിൽ ബഹു. ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ശ്രീ.റ്റി.പി.ജോർജ്ജ്, ശ്രീമതി.നന്ദിനി.സി., ശ്രീ.ഡായി മാത്യൂ, ശ്രീ.റാഷിമോൻ.സി.എ. എന്നിവരുടെ സെലക്ട് ലിസ്റ്റിലെ സ്ഥാനം നിർണ്ണയിക്കാൻ കഴിയില്ലെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ടി ജീവനക്കാർക്ക് സെലക്ട് ലിസ്റ്റിൽ സ്ഥാനം ലഭിച്ച് സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റേയും ശ്രീ.റ്റി.പി.ജോർജ്ജ്, ശ്രീ.റാഷിമോൻ.സി.എ. എന്നിവർ 31/05/2023 ൽ വിരമിക്കുന്നതും പരിഗണിച്ചാണ് ടി ജീവനക്കാർക്ക് 30/05/2023 ൽ സ്ഥാനക്കയറ്റം നൽകിയത്. പിന്നീട് 12/06/2023 ൽ ഡി.പി.സി. (ലോവർ) യോഗം |

| | | | |
|---|---|---|---|
| | | | ചേരുകയും 2022 ലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്ത് തയ്യാറാക്കിയ പ്രകാരം ടി ജീവനക്കാർക്ക് അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകുകയും ചെയ്തു. പ്രസ്തുത സെലക്ട് ലിസ്റ്റ് തയ്യാറാക്കിയ ശേഷമാണ് നിലവിലുണ്ടായിരുന്ന മുഴുവൻ ഒഴിവുകളിലേക്കും സെലക്ട് ലിസ്റ്റിലെ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയത്. |

സെക്ഷൻ ഓഫീസർ